**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 423** **10-02-2025 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി മസാല ബോണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മസാല ബോണ്ടിലൂടെ കിഫ്‌ബി സമാഹരിച്ച തുക, മുതലും പലിശയും ഉൾപ്പെടെ തിരിച്ചടയ്ക്കേണ്ട തുക, നാളിതുവരെ തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ; | (എ) | 2019 കിഫ്‌ബി മസാല ബോണ്ടിലൂടെ ൽ 2150 കോടി രൂപ സമാഹരിച്ചിരുന്നു. 2024 മാർച്ച് മാസം ഈ തുക പൂർണ്ണമായും കിഫ്‌ബി തിരിച്ചടച്ചു. ബോണ്ട് കാലാവധിയായ 5 വർഷത്തിനിടയിൽ മുതലും പലിശയും ഉൾപ്പെടെ 3,195 കോടി രൂപ കിഫ്‌ബി അടച്ചിട്ടുണ്ട്. |
| (ബി) | ഏത് കമ്പനി മുഖേനയാണ് മസാല ബോണ്ടിലൂടെ കിഫ്‌ബി പണം സമാഹരിച്ചതെന്നും പ്രസ്തുത കമ്പനിയെ കണ്ടെത്തിയ രീതി എപ്രകാരമായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | കിഫ്‌ബി മസാല ബോണ്ടിലൂടെ പണം സമാഹരിച്ചത് ഏതെങ്കിലും ഒരു പ്രത്യേക കമ്പനിയിലൂടെയല്ല. അന്താരാഷ്ട്ര ബോണ്ട് മാർക്കറ്റിലെ നടപടിക്രമങ്ങൾ പാലിച്ച് റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങൾക്കും വിധേയമായാണ് കിഫ്‌ബി മസാല ബോണ്ട് നിക്ഷേപകർക്കായി വിപണിയിൽ ലഭ്യമാക്കിയത്. ഇതിനു വിവിധ ബാങ്കുകൾ, നിയമ ഉപദേശക സ്ഥാപനങ്ങൾ, റേറ്റിങ് ഏജൻസികൾ, ട്രസ്റ്റീ സർവീസ് സ്ഥാപനങ്ങൾ എന്നിവയുടെ സേവനം ലഭ്യമാക്കിയിരുന്നു. ഇവരെയെല്ലാം നിയമിച്ചത് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചായിരുന്നു. അസറ്റ് മാനേജ്മെന്റ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ് , പ്രൈവറ്റ് വെൽത് മാനേജ്മെന്റ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്‌ബിയുടെ മസാല ബോണ്ടിൽ നിക്ഷേപം നടത്തിയത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. കിഫ്‌ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരായിരുന്നു |
| (സി) | 2018 നവംബർ 16ന് സി.ഡി.പി.ക്യു. കമ്പനിയുടെ പ്രതിനിധികൾ അന്നത്തെ ധനകാര്യവകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ഏത് | (സി) | അന്നേവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്തിട്ടുള്ള മസാല ബോണ്ടുകളിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്‌ബി ചർച്ചകൾ |

| | | | |
|---|---|---|---|
| | വിഷയത്തിന്മേലാണ് ചർച്ച നടന്നതെന്നും പ്രസ്തുത ചർച്ചയിൽ ആരൊക്കെ പങ്കെടുത്തുവെന്നും എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തതെന്നും അറിയിക്കുമോ; | | നടത്തിയിരുന്നു. മറ്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിങ് സ്ഥാപനങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ കിഫ്ബിയുടെ ഘടനയും പ്രവർത്തന രീതികളും ഒരു നിക്ഷേപകൻ എന്നുള്ള രീതിയിൽ വിലയിരുത്തുന്നതിനായി സി.ഡി.പി.ക്യൂ എന്ന കമ്പനിയുടെ പ്രതിനിധികൾ കിഫ്ബിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. 2018 നവംബർ 16ന് സി.ഡി.പി.ക്യു. കമ്പനിയുടെ പ്രതിനിധികൾ ഇത്തരത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ, വിഭവസമാഹരണ രീതികൾ, അവയുടെ വിതരണ രീതി എന്നിവ സംബന്ധിച്ച ഒരു പ്രെസന്റേഷൻ സി.ഡി.പി.ക്യൂ കമ്പനിയുടെ പ്രതിനിധികൾക്കായി നൽകിയിരുന്നു.<br><br>നവംബർ 16, 2018 ന് പ്രസ്തുത ചർച്ചയിൽ സി.ഡി.പി.ക്യു. കമ്പനിയെ പ്രതിനിധീകരിച്ച് താഴെ പറയുന്ന വ്യക്തികൾ പങ്കെടുത്തു.<br><br>• ശ്രീമതി. അനിത മരങ്കൊലി ജോർജ്, സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്.<br>• ശ്രീ.വീറ്റോ ടെലർബാ - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ്, സോവറിൻ ഡെബ്റ്റ്<br>• ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ് - ഇന്ത്യ<br><br>പ്രധാനമായും സർക്കാർ- അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് സി.ഡി.പി.ക്യൂ.<br><br>2018 നവംബർ 16ന് കിഫ്ബിയുമായുള്ള ചർച്ചകൾക്ക് ശേഷം സി.ഡി.പി.ക്യു കമ്പനിയുടെ പ്രതിനിധികൾ അന്നത്തെ ധനകാര്യ മന്ത്രിയെ സന്ദർശിച്ചിരുന്നു. സംസ്ഥാനത്തിന്റെ ഗ്യാരന്റിയുടെ പുറത്ത് കിഫ്ബി സമാഹരിക്കുന്ന വായ്പയായതിനാലാണ് ഇത്തരം ഒരു സന്ദർശനം നടത്തിയത്. സംസ്ഥാനത്തിന്റെ അടിസ്ഥന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് സുപ്രധാന പങ്ക് വഹിക്കുന്ന കിഫ്ബിയ്ക്ക് സർക്കാരിനുള്ള പ്രതിബദ്ധത ഉറപ്പുവരുത്താൻ ഈ സന്ദർശനം മുഖേനയായി. |
| (ഡി) | പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | വളരെ ഹ്രസ്വസമയം മാത്രം നീണ്ടുനിന്ന ഉപചാര സന്ദർശനമായതിനാൽ പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 423

## 10-02-2025 ൽ മറുപടിക്ക്

## കിഫ്ബി മസാല ബോണ്ട്

| ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | മറുപടി<br>ശ്രീ. കെ. എൻ. ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|
| (എ) മസാല ബോണ്ടിലൂടെ കിഫ്ബി സമാഹരിച്ച തുക, മുതലും പലിശയും ഉൾപ്പെടെ തിരിച്ചടയ്ക്കേണ്ട തുക, നാളിതുവരെ തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ; | 2019 കിഫ്ബി മസാല ബോണ്ടിലൂടെ ൽ 2150 കോടി രൂപ സമാഹരിച്ചിരുന്നു. 2024 മാർച്ച് മാസം ഈ തുക പൂർണ്ണമായും കിഫ്ബി തിരിച്ചടച്ചു. ബോണ്ട് കാലാവധിയായ 5 വർഷത്തിനിടയിൽ മുതലും പലിശയും ഉൾപ്പെടെ 3,195 കോടി രൂപ കിഫ്ബി അടച്ചിട്ടുണ്ട്. |
| (ബി) ഏത് കമ്പനി മുഖേനയാണ് മസാല ബോണ്ടിലൂടെ കിഫ്ബി പണം സമാഹരിച്ചതെന്നും പ്രസ്തുത കമ്പനിയെ കണ്ടെത്തിയ രീതി എപ്രകാരമായിരുന്നുവെന്നും വ്യക്തമാക്കുമോ; | കിഫ്ബി മസാല ബോണ്ടിലൂടെ പണം സമാഹരിച്ചത് ഏതെങ്കിലും ഒരു പ്രത്യേക കമ്പനിയിലൂടെയല്ല. അന്താരാഷ്ട്ര ബോണ്ട് മാർക്കറ്റിലെ നടപടിക്രമങ്ങൾ പാലിച്ച് റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങൾക്കും വിധേയമായാണ് കിഫ്ബി മസാല ബോണ്ട് നിക്ഷേപകർക്കായി വിപണിയിൽ ലഭ്യമാക്കിയത്. ഇതിനു വിവിധ ബാങ്കുകൾ, നിയമ ഉപദേശക സ്ഥാപനങ്ങൾ, റേറ്റിങ് ഏജൻസികൾ, ട്രസ്റ്റീ സർവീസ് സ്ഥാപനങ്ങൾ എന്നിവയുടെ സേവനം ലഭ്യമാക്കിയിരുന്നു. ഇവരെയെല്ലാം നിയമിച്ചത് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചായിരുന്നു. അസറ്റ് മാനേജ്മെന്റ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ് , പ്രൈവറ്റ് വെൽത് മാനേജ്മെന്റ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിക്ഷേപം നടത്തിയത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരായിരുന്നു. |

| | |
|---|---|
| (സി) 2018 നവംബർ 16ന് സി.ഡി.പി.ക്യൂ. കമ്പനിയുടെ പ്രതിനിധികൾ അന്നത്തെ ധനകാര്യവകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ഏത് വിഷയത്തിന്മേലാണ് ചർച്ച നടന്നതെന്നും പ്രസ്തുത ചർച്ചയിൽ ആരൊക്കെ പങ്കെടുത്തുവെന്നും എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തതെന്നും അറിയിക്കുമോ; | അന്നേവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്തിട്ടുള്ള മസാല ബോണ്ടുകളിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി ചർച്ചകൾ നടത്തിയിരുന്നു. മറ്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിങ് സ്ഥാപനങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ കിഫ്ബിയുടെ ഘടനയും പ്രവർത്തന രീതികളും ഒരു നിക്ഷേപകൻ എന്നുള്ള രീതിയിൽ വിലയിരുത്തുന്നതിനായി സി.ഡി.പി.ക്യൂ എന്ന കമ്പനിയുടെ പ്രതിനിധികൾ കിഫ്ബിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. 2018 നവംബർ 16ന് സി.ഡി.പി.ക്യൂ. കമ്പനിയുടെ പ്രതിനിധികൾ ഇത്തരത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ, വിഭവസമാഹരണ രീതികൾ, അവയുടെ വിതരണ രീതി എന്നിവ സംബന്ധിച്ച ഒരു പ്രെസന്റേഷൻ സി.ഡി.പി.ക്യൂ കമ്പനിയുടെ പ്രതിനിധികൾക്കായി നൽകിയിരുന്നു.<br>നവംബർ 16, 2018 ന് പ്രസ്തുത ചർച്ചയിൽ സി.ഡി.പി.ക്യൂ. കമ്പനിയെ പ്രതിനിധീകരിച്ച് താഴെ പറയുന്ന വ്യക്തികൾ പങ്കെടുത്തു.<br>• ശ്രീമതി. അനിത മരങ്കൊലി ജോർജ്, സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്.<br>• ശ്രീ.വീറ്റോ ടെലർബാ - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ്, സോവറിൻ ഡെബ്റ്റ്<br>• ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ് - ഇന്ത്യ<br>പ്രധാനമായും സർക്കാർ- അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷുറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് സി.ഡി.പി.ക്യൂ.<br>2018 നവംബർ 16ന് കിഫ്ബിയുമായുള്ള ചർച്ചകൾക്ക് ശേഷം സി.ഡി.പി.ക്യൂ കമ്പനിയുടെ പ്രതിനിധികൾ അന്നത്തെ ധനകാര്യ മന്ത്രിയെ സന്ദർശിച്ചിരുന്നു. സംസ്ഥാനത്തിന്റെ ഗ്യാരന്റിയുടെ പുറത്ത് കിഫ്ബി സമാഹരിക്കുന്ന വായ്പയായതിനാലാണ് ഇത്തരം ഒരു സന്ദർശനം നടത്തിയത്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന |

| | |
|---|---|
| | പ്രവർത്തനങ്ങൾക്ക് സുപ്രധാന പങ്ക് വഹിക്കുന്ന കിഫ്ബിയ്ക്ക് സർക്കാരിനുള്ള പ്രതിബദ്ധത ഉറപ്പുവരുത്താൻ ഈ സന്ദർശനം മുഖേനയായി. |
| (ഡി) പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | വളരെ ഹ്രസ്വസമയം മാത്രം നീണ്ടുനിന്ന ഉപചാര സന്ദർശനമായതിനാൽ പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടില്ല. |

ജോയിന്റ് സെക്രട്ടറി